

THURSDAY

21/08/2025

വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/08/2025

1. ജലസേചന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കാം. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പാക്കുക, ഉയർന്ന ഉൽപ്പാദനം ഉറപ്പ് വരുത്തുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.-പി.ഡി.എം.സി)-യിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ് സിഡിയോടുകൂടി സ്ഥാപിക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ലർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 55% വരെയും മറ്റുള്ള കർഷകർക്ക് 45% വരെയും നിബന്ധനകൾക്ക് വിധേയമായി ധനസഹായമായി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ, എറണാകുളം ജില്ലയിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകർക്ക് കാക്കനാട്ടുള്ള കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ ബന്ധപ്പെടാം. ഫോൺ- 8848618083, 8848618083.

2. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള നാളികേര ഗവേഷണ കേന്ദ്രം തിരുവനന്തപുരം, തൃശ്ശൂർ മണ്ണുത്തിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രം, കാസർകോഡുള്ള കാർഷിക കോളേജ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം എന്നീ കേന്ദ്രങ്ങളിൽ കേരശ്രീ, കേരഗംഗ, കേരശങ്കര, ലക്ഷഗംഗ, ആനന്ദഗംഗ എന്നീ ഇനങ്ങൾ തെങ്ങിൻ തൈകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില 325 രൂപ മുതൽ 375 രൂപ വരെ. ഫോൺ തിരുവനന്തപുരം: 0471-2400621, മണ്ണുത്തി : 9447442133, കാസർകോഡ് : 9995380561, 9495240048.

3. കേരള സർക്കാർ സ്ഥാപനമായ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രം കോമ്പൌണ്ടില് മുറിച്ച് സൂക്ഷിച്ചിട്ടുള്ള ആഞ്ഞിലിമരം പരസ്യമായി ലേലം കൈക്കൊള്ളുന്നതിന് നിബന്ധനകൾക്ക് വിധേയമായി GST അക്കൌണ്ട് നമ്പർ ഉള്ള വ്യക്തി/സ്ഥാപനങ്ങളെ ക്ഷണിച്ചു കൊള്ളുന്നു. ലേല തീയതി 26/08/2025 ന് ഉച്ചക്ക് 12 മണിക്ക് .

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 5000/-രൂപ ആയി 26/08/2025ന് രാവിലെ 11.30ന് മുൻപായി ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതും ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി അന്നേ ദിവസം തന്നെ നിരതദ്രവ്യമായി ഒടുക്കിയ 5000/-രൂപ PRINCIPAL, DAIRY TRAINING CENTRE, BEYPORE NORTH, NADUVATTAM, KOZHIKODE എന്ന വിലാസത്തിൽ DD ആയി നൽകേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0495 2414579, മെയിൽ dd-dtc-kkd.dairy@kerala.gov.in

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപെട്ട കോഴിക്കുഞ്ഞുങ്ങളുടെ വില്പനക്കായി ബുക്കിംഗ് സ്വീകരിക്കുന്നു. മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ 0479 2449268, 2959268, 9447790268 എന്നീ ഫോൺ നമ്പറുകളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ വിളിച്ച് പേരും ഫോൺ നമ്പറും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

5. റബ്ബർബോർഡ് മാസംതോറും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന 'റബ്ബർ' മാസികയുടെ വജ്രജൂബിലിയാഘോഷങ്ങളുടെ ഭാഗമായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം ഹൈസ്കൂൾ വിദ്യാർത്ഥികൾ, കോളജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, റബ്ബർബോർഡുദ്യോഗസ്ഥർ എന്നിവർക്കായി ഉപന്യാസമത്സരം സംഘടിപ്പിക്കുന്നു. കൂടാതെ ഫോട്ടോഗ്രഫി മത്സരം, കാർട്ടൂൺരചനാ മത്സരം, ലോഗോ രൂപകൽപനാമത്സരം എന്നിവയും നടത്തുന്നു. മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് കാഷ് അവാർഡ് നൽകുന്നതാണ്. മത്സരങ്ങളുടെനിബന്ധനകൾ സംബന്ധിച്ച വിശദവിവരങ്ങൾ 2025 ആഗസ്റ്റ് മാസത്തെ റബ്ബർമാസികയിൽ നൽകിയിട്ടുണ്ട്. സൃഷ്ടികൾ അയക്കേണ്ട വിലാസം ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്), പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് ഡിവിഷൻ, റബ്ബർബോർഡ്, കീഴുക്കുന്ന് കോട്ടയം – 02. ഇ-മെയിൽ വിലാസം – rubbermasika@gmail.com. സൃഷ്ടികൾ 2025 സെപ്റ്റംബർ 4 ന് മുമ്പായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടുക ഫോൺ–0481–2576622.

6. മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള നയ സമീപനരേഖ പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ

പൊതുജനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകൾ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നതിന്റെ ഭാഗമായി കരട് നയ സമീപന രേഖ പരിശോധനയ്ക്കായി കേരള വനം വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (https://forest.kerala.gov.in/) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും **ആഗസ്റ്റ് 27 ന് മുൻപ്** hwcpolicy.submission@gmail.com ഇമെയിൽ വിലാസത്തിലേക്ക് അയക്കാവുന്നതാണ് .

## പരിശീലന പരിപാടി

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **30.08.2025 ന് പഴം പച്ചക്കറി സംസ്കരണം (ജാം,അച്ചാർ നിർമ്മാണം)** എന്ന വിഷയത്തിൽ **ഏകദിന പ്രായോഗിക പരിശീലനം** സംഘടിപ്പിക്കുന്നു. വിശദമായ ക്ലാസ്സും പ്രാക്ടിക്കലും ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന **വനിതകൾ 27.08.2025 ന് മുമ്പായി 0487–**

2370773, 8547070773 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക.

2. ജില്ലാ വനിതാ ശിശു വികസന ഓഫീസ്, ഡിസ്ട്രിക്ട് സങ്കൽപ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ ഔട്ട് റീച്ച് പരിപാടിയുടെ ഭാഗമായി പയ്യന്നൂർ ബ്ലോക്ക് പരിധിയിലെ വനിതകൾക്ക് സൗജന്യ കൂൺ കൃഷി പരിശീലനം നൽകുന്നു. അപേക്ഷകർ ആഗസ്റ്റ് 23 ന് 25 വയസ്സ് പൂർത്തിയായവരും 45 വയസ്സ് കവിയാത്തവരും ആയിരിക്കണം. ബി.പി.എൽ കുടുംബങ്ങളിലെ വനിതകൾ, വിധവകൾ എന്നിവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർക്ക് ആഗസ്റ്റ് 23 നകം 9605477899, 9497770157 നമ്പറുകളിൽ രജിസ്റ്റർ ചെയ്യുക.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ "കാട വളർത്തൽ" എന്ന വിഷയത്തിൽ ഇന്ന് (21/08/2025 ന്) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ അടിസ്ഥാന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

4. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് ശാസ്ത്രീയ ആട്ടുവളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. 2025 ആഗസ്റ്റ് 23 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെയാണ് പരിശീലനം പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494–296 2296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം